## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.319 | 23.01.2018 ൽ മറുപടിക്ക്

### ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ പ്രഖ്യാപിച്ച ആർദ്രം പദ്ധതിയുടെ ഫലമായി ആരോഗ്യ മേഖലയിൽ പുതിയതായി ആരംഭിച്ചിട്ടുള്ളതും ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതുമായ എത്ര പദ്ധതികളാണുള്ളത്; വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ പ്രഖ്യാപിച്ച ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ 4 പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കെല്ലാം ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക.<br>2. ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുക- 2000 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്<br>3. രോഗി സൗഹൃദ ആശുപത്രി സംവിധാനങ്ങൾ സ്ഥാപിക്കുക- 2250 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>4. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുക — 700 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ളതും ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതുമായ പദ്ധതികളുടെ വിവരങ്ങൾ നൽകുമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ കല്ലടിക്കോട്, മങ്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ ഓരോ ഡോക്ടർ, |

| | | | |
|---|---|---|---|
| | | | ഓരോ ലാബ് ടെക്നീഷ്യൻ, രണ്ട് വീതം സ്റ്റാഫ് നഴ്സ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിൽ പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന് എട്ട് (8) ലക്ഷം രൂപയും, മങ്കര കുടുംബാരോഗ്യ കേന്ദ്രത്തിന് പതിമൂന്ന് (13) ലക്ഷം രൂപയും പദ്ധതിയിനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട് |
| (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദവിവരം നൽകുമോ ? | (സി) | കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രം, കാരാക്കുറിശി പ്രാഥമികാരോഗ്യ കേന്ദ്രം, തച്ചമ്പാറ പ്രാഥമികാരോഗ്യ കേന്ദ്രം, കേരളശേരി 24 x 17 പ്രാഥമികാരോഗ്യ കേന്ദ്രം, മണ്ണൂർ പ്രാഥമികാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പറളി എന്നീ ആരോഗ്യ കേന്ദ്രങ്ങൾ 2018-19 വർഷത്തെ ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ